**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 674** **10-02-2025 - ൽ മറുപടിയ്ക്ക്**

**ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൈദ്യുതി പ്രസരണരംഗം ശാക്തീകരിക്കുന്നതിനായി നടപ്പാക്കിവരുന്ന ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളും ഹരിതോർജ്ജ ഇടനാഴി പദ്ധതിയിൽ (Green Energy Corridor project) ഉൾപ്പെടുത്തിയ പ്രവൃത്തികളും ചേർത്ത് 14 സബ്സ്റ്റേഷനുകളും (400 kV-2 എണ്ണം , 220 kV- 11 എണ്ണം, 110 kV- 1 എണ്ണം) ഏകദേശം 1932 സർക്യൂട്ട് കിലോമീറ്റർ ലൈനുകളും ഉൾപ്പെടുത്തിയിട്ടുള്ള ട്രാൻസ്ഗ്രിഡ് പ്രവൃത്തികൾ പുരോഗമിക്കുന്നു. പുരോഗമിക്കുന്ന പദ്ധതികൾ താഴെ പറയുന്നു.<br><br>• ശബരി ലൈൻസ് & സബ്സ്റ്റേഷൻ പാക്കേജ് (പത്തനംതിട്ട, കക്കാട് 220 കെവി സബ്സ്റ്റേഷനിലേക്കുള്ള 220കെവി ലൈൻ) – 77.69% പുരോഗതി<br>• 220kV സബ്സ്റ്റേഷൻ പത്തനംതിട്ട- 78.21% പുരോഗതി<br>• 220kV സബ്സ്റ്റേഷൻ കക്കാട് – 73.51% പുരോഗതി<br>• തൃശ്ശിവപേരൂർ ലൈൻസ് പാക്കേജ് (നിർദ്ദിഷ്ട വെങ്ങാല്ലൂർ 220 കെ.വി സബ്സ്റ്റേഷനിലേക്കുള്ള 220 കെവി ലൈൻ) – 10.64% പുരോഗതി<br>• വെങ്ങാല്ലൂർ (തിരൂർ) 220/110 കെ.വി സബ്സ്റ്റേഷൻ - 110/11 കെ.വി ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവർത്തി മാർച്ച് മാസം പൂർത്തിയാക്കും.<br>• ട്രാവൻകൂർ ലൈൻസ് പാക്കേജ് (മെഡിക്കൽ കോളേജ്- TERLS സബ്സ്റ്റേഷനുകൾ, വിഴിഞ്ഞം-വേളി -മുട്ടത്തറ സബ്സ്റ്റേഷനുകൾ എന്നിവ ഭൂഗർഭ കേബിളുകൾ വഴി ബന്ധിപ്പിക്കൽ -61.67% പുരോഗതി |

| | | | |
|---|---|---|---|
| | | | • 400 kV വയനാട് - കാസർഗോഡ് DC ലൈൻ -12.34% പുരോഗതി<br>• അട്ടപ്പാടി ഗ്രീൻ കോറിഡോർ - മണ്ണാർക്കാട്, അഗളി (അട്ടപ്പാടി) 220/110 കെ.വി ജിസ് സബ്സ്റ്റേഷനും, അനുബന്ധ 220 കെവി ലൈനും - ലൈനിന്റെ ടെൻഡർ നടപടികൾ പൂർത്തീ കരിച്ച് കരാർ നൽകുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.<br>• രാമക്കൽമേട് ഗ്രീൻ കോറിഡോർ - നിർമലാ സിറ്റി, & 110 കെ.വി സബ്സ്റ്റേഷൻ പുഷപ്പകണ്ടം, രാമക്കൽമേട് - നെടുക്കണ്ടം 110 കെ.വി ലൈൻ, കുയിലിമല നിർമ്മലാ സിറ്റി 220/ 110 കെ.വി ലൈൻ - ലൈനിന്റെ ടെൻഡർ നടപടികൾ പൂർത്തികരിച്ച് കരാർ നൽകുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.<br>• കരിന്തളം ഡൗൺസ്ട്രീം - നിർദിഷ്ട 400 കെ.വി കരിന്തളം സബ്സ്റ്റേഷനിൽ നിന്നുള്ള 220 കെ.വി മൾട്ടി സർക്യൂട്ട് ലൈനുകൾ - ലൈനിന്റെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് കരാർ നൽകുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.<br>• കുന്നുങ്കൽ നെടുങ്കണ്ടം 110 കെ.വി ലൈൻ - ലൈനിന്റെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് കരാർ നൽകുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.<br>• വള്ളുവനാട് പാക്കേജ് - നിർദ്ദിഷ്ട വെണ്ണക്കര 220 കെ.വി സബ്സ്റ്റേഷനിലേക്കുള്ള 220 കെ.വി ലൈൻ, 220 കെ.വി മണ്ണാർക്കാട്, വെണ്ണക്കര ലൈൻ - ടെൻഡർ നടപടികൾ പുരോഗമിച്ച് വരുന്നു.<br>• വയനാട് 400കെ.വി സബ്സ്റ്റേഷൻ - സ്ഥലമേറ്റെടുക്കുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്.<br>• 220കെ.വി സബ്സ്റ്റേഷനുകളായ തുറവൂർ, വെണ്ണക്കര, അഗളി, മണ്ണാർക്കാട്, - ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു.<br>• 220കെ.വി സബ്സ്റ്റേഷനുകളായ ശാസ്താംകോട്ട, ഇരിഞ്ഞാലക്കുട, വിദ്യാനഗർ (കാസർഗോഡ്) 400 കെ.വി സബ്സ്റ്റേഷൻ ഇടമൺ - പ്രാരംഭ നടപടികൾ പുരോഗമിച്ച് വരുന്നു. |
| (ബി) | ഇതിന്റെ ഭാഗമായി സ്ഥാപിക്കുന്ന പവർ ഹൈവേയുടെ നിർമ്മാണപ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച വിശദാംശം നൽകുമോ; | (ബി) | ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കുന്ന 400 കെ.വി പവർ ഹൈവേ - വയനാട് കാസർഗോഡ് ലൈനിന്റെ നിർമ്മാണ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ L&T എന്ന കമ്പനിക്ക് കരാർ നല്കിയിട്ടുള്ളതാണ്. പദ്ധതിയുടെ ഭാഗമായി 359 ടവറുകളിൽ 64 ടവറുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും 108 ഫൗണ്ടേഷനും പൂർത്തികരിച്ചു. 2025 മെയ് മാസം പൂർത്തിയാക്കേണ്ട പദ്ധതി ലൈൻ കടന്നുപോകുന്ന സ്ഥലത്തിന്റെ ഉടമകൾ ഉയർന്ന നഷ്ടപരിഹാരം ആവശ്യപ്പെട്ട് നിർമ്മാണ പ്രവർത്തികൾ തടസ-പ്പെടുത്തിയതിനാൽ പരിപൂർണ്ണമായും നിർത്തിവെച്ചിരിക്കുകയാണ്. ഉയർന്ന നഷ്ടപരിഹാര പാക്കേജിനായുള്ള ചർച്ചകൾ വിവിധ തലങ്ങളിൽ നടന്നു വരുന്നു. |
| (സി) | പ്രസ്തുത പദ്ധതി പൂർണ്ണതോതിൽ നടപ്പാക്കുന്നതിലൂടെ പ്രസരണരംഗത്ത് ഉണ്ടാകുമെന്നു കണക്കാക്കിയിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ് എന്നറിയിക്കുമോ; | (സി) | ട്രാൻസ്ഗ്രിഡ് ഒന്നും രണ്ടും ഘട്ടങ്ങൾ പൂർത്തിയാകുമ്പോൾ പ്രസരണ നഷ്ട ത്തിൽ 107.8 MW കുറവുണ്ടാകുമെന്നും അതുവഴി പ്രതിവർഷം 522 ദശലക്ഷം യൂണിറ്റ് വൈദ്യുതിയുടെ ലാഭമുണ്ടാകുമെന്നും കണക്കാക്കുന്നു |
| (ഡി) | പ്രസ്തുത പദ്ധതിയുടെ മൂന്നാംഘട്ടം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ മൂന്നാംഘട്ടമായുള്ള ഏകദേശം രണ്ടായിരം കോടി രൂപയുടെ ട്രാൻസ്മിഷൻ പദ്ധതികളുടെ രൂപ രേഖ പ്രാരംഭഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ